**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **29-09-2025 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി തീരപ്രദേശത്തെ കടലാക്രമണം തടയുന്നതിനുള്ള പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിങ് ഹാർബർ നിർമ്മാണത്താൽ സമീപ തീരപ്രദേശങ്ങളിൽ സംജാതമായ രൂക്ഷമായ കടലാക്രമണം ചെറുക്കുന്നതിന്, നിലവിലുള്ള പുലിമുട്ടുകൾ നവീകരിച്ച് ശക്തിപ്പെടുത്തുന്നതിനും പുതുതായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുലിമുട്ട് നിർമിക്കുന്നതിനും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്കും, കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി-ക്കും നിയോജകമണ്ഡലം എം.എൽ.എ നൽകിയ കത്തുകൾ പ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | KIIFB ഫണ്ട് ഉപയോഗിച്ച് KSCADC SPV ആയി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് പ്രസ്തുത ഹാർബർ നിർമ്മാണം നടത്തി വരുന്നത്. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിൽ 1410 മീറ്റർ നീളത്തിലുള്ള തെക്കേ പുലിമുട്ടും 785 മീറ്റർ നീളത്തിലുള്ള വടക്കേ പുലിമുട്ടുമാണ് നിർമ്മിക്കുന്നത്. ടി പ്രവൃത്തിയുടെ 98 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം ഫിഷിംഗ് ഹാർബർ നിർമ്മാണം നിമിത്തമാണെന്ന രേഖകൾ ഈ വകുപ്പിൽ ലഭ്യമല്ല. പരപ്പനങ്ങാടി ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബറിന് ഇരുകരകളിലും തുടർച്ചയായി Shore line Survey നടത്തി വരുന്നുണ്ട്. ഫെബ്രുവരി 2020 - ൽ നടത്തിയ സർവ്വേ പ്രകാരം വടക്കേ പുലിമുട്ട്, തെക്കേ പുലിമുട്ട് എന്നിവിടങ്ങളിൽ ചെറിയ രീതിയിലുള്ള ബീച്ച് ഫോർമേഷൻ നിരീക്ഷിക്കുകയും തുടർന്ന് 2023 ജൂലൈ ആയപ്പോഴേക്കും മിക്ക സീസണിലും സാൻഡ് ഡെപ്പോസിഷൻ നടന്ന് കര മുമ്പുള്ളതിനേക്കാളും വർധിച്ചതായും കാണുന്നു. ഇതിൽ നിന്നും ഹാർബർ നിർമ്മാണം ആരംഭിച്ചതിനു ശേഷം ഹാർബറിന്റെ ഇരു കരകളിലും തീരശോഷണം നടന്നില്ലായെന്ന് മനസ്സിലാകുന്നു.<br><br>പരപ്പനങ്ങാടി ഹാർബറിന്റെ അനുബന്ധമായി സ്ഥിതി ചെയ്യുന്ന ബീച്ചുകൾ പരിശോധിച്ചപ്പോൾ ചാപ്പപ്പടി, ആലിങ്ങൽ ബീച്ച്, പുത്തൻ കടപ്പുറം, ബദർ പള്ളി, സദ്ദാം ബീച്ച്, ആവിയിൽ ബീച്ച് എന്നീ ഭാഗങ്ങളിൽ കടലാക്രമണം നേരിടുന്നതായി നിരീക്ഷിച്ചു.<br><br>പുത്തൻ കടപ്പുറത്ത് നിലവിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സീവാൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പുത്തൻ കടപ്പുറം ഫിഷ് ലാന്റിംഗ് സെന്ററിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗത്ത് സംരക്ഷണ ഭിത്തിയുണ്ട്. എന്നാൽ വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന ഗ്രോയിൻ പൂർണ്ണമായും നശിച്ചിട്ടുണ്ട്. ആലിങ്ങൽ ബീച്ചിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പ്രൊട്ടക്ഷൻ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും ആയവ രൂക്ഷമായ കടലാക്രമണം നേരിടുന്നുണ്ട്. നിലവിൽ വല നെയ്ത്ത് ഷെഡ് കടലാക്രമണ ഭീഷണിയിലുമാണ്.<br><br>ടി പ്രവൃത്തികളുടെ പുനരുദ്ധാരണ നടപടികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കേണ്ടത്.<br><br>ഹാർബറിന്റെ സമീപ പ്രദേശത്ത് തീരശോഷണം സംബന്ധിച്ച് പഠിക്കുന്നതിന് മോഡൽ സ്റ്റഡി ഏജൻസിയായ CWPRS – നോട് 10/07/2023-ൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് CWPRS അധികൃതർ 10/08/23-ൽ സ്ഥല സന്ദർശനം നടത്തിയിരുന്നു. CWPRS-ൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.<br><br>കടലാക്രമണം / തീരശോഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏർപ്പെടാക്കുന്നതിന് മുന്നോടിയായി സമഗ്രമായ ശാസ്ത്രീയ പഠനം അനിവാര്യമാണ്. ബന്ധപ്പെട്ട വകുപ്പുകൾ സംയുക്തമായി സ്ഥല പരിശോധന നടത്തി, അംഗീകൃത ഏജൻസി മുഖേന പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് പ്രവൃത്തികൾ നടത്തേണ്ടത്. |
| (ബി) | ഈ വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | KIIFB ഫണ്ട് ഉപയോഗിച്ച് KSCADC SPV ആയി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് പ്രസ്തുത ഹാർബർ നിർമ്മാണം നടത്തി വരുന്നത്. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിൽ 1410 മീറ്റർ നീളത്തിലുള്ള തെക്കേ പുലിമുട്ടും 785 മീറ്റർ നീളത്തിലുള്ള വടക്കേ പുലിമുട്ടുമാണ് നിർമ്മിക്കുന്നത്. ടി പ്രവൃത്തിയുടെ 98 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം ഫിഷിംഗ് ഹാർബർ നിർമ്മാണം നിമിത്തമാണെന്ന രേഖകൾ ഈ വകുപ്പിൽ ലഭ്യമല്ല. പരപ്പനങ്ങാടി ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബറിന് ഇരുകരകളിലും തുടർച്ചയായി Shore line Survey നടത്തി വരുന്നുണ്ട്. ഫെബ്രുവരി 2020 - ൽ നടത്തിയ സർവ്വേ പ്രകാരം വടക്കേ പുലിമുട്ട്, തെക്കേ പുലിമുട്ട് എന്നിവിടങ്ങളിൽ ചെറിയ രീതിയിലുള്ള ബീച്ച് ഫോർമേഷൻ നിരീക്ഷിക്കുകയും തുടർന്ന് 2023 ജൂലൈ ആയപ്പോഴേക്കും മിക്ക സീസണിലും സാൻഡ് ഡെപ്പോസിഷൻ നടന്ന് കര മുമ്പുള്ളതിനേക്കാളും വർധിച്ചതായും കാണുന്നു. ഇതിൽ നിന്നും ഹാർബർ നിർമ്മാണം ആരംഭിച്ചതിനു ശേഷം ഹാർബറിന്റെ |

| | | | |
|---|---|---|---|
| | | | ഇരു കരകളിലും തീരശോഷണം നടന്നില്ലായെന്ന് മനസ്സിലാകുന്നു.<br><br>പരപ്പനങ്ങാടി ഹാർബറിന്റെ അനുബന്ധമായി സ്ഥിതി ചെയ്യുന്ന ബീച്ചുകൾ പരിശോധിച്ചപ്പോൾ ചാപ്പപ്പടി, ആലിങ്ങൽ ബീച്ച്, പുത്തൻ കടപ്പുറം, ബദർ പള്ളി, സദ്ദാം ബീച്ച്, ആവിയിൽ ബീച്ച് എന്നീ ഭാഗങ്ങളിൽ കടലാക്രമണം നേരിടുന്നതായി നിരീക്ഷിച്ചു.<br><br>പുത്തൻ കടപ്പുറത്ത് നിലവിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സീവാൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പുത്തൻ കടപ്പുറം ഫിഷ് ലാന്റിംഗ് സെന്ററിന്റെ ഭാഗത്ത് സംരക്ഷണ ഭിത്തിയുണ്ട്. എന്നാൽ വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന ഗ്രോയിൻ പൂർണ്ണമായും നശിച്ചിട്ടുണ്ട്. ആലിങ്ങൽ ബീച്ചിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പ്രൊട്ടക്ഷൻ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും ആയവ രൂക്ഷമായ കടലാക്രമണം നേരിടുന്നുണ്ട്. നിലവിൽ വല നെയ്ത്ത് ഷെഡ് കടലാക്രമണ ഭീഷണിയിലുമാണ്.<br><br>ടി പ്രവൃത്തികളുടെ പുനരുദ്ധാരണ നടപടികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കേണ്ടത്.<br><br>ഹാർബറിന്റെ സമീപ പ്രദേശത്ത് തീരശോഷണം സംബന്ധിച്ച് പഠിക്കുന്നതിന് മോഡൽ സ്റ്റഡി ഏജൻസിയായ CWPRS – നോട് 10/07/2023-ൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് CWPRS അധികൃതർ 10/08/23-ൽ സ്ഥല സന്ദർശനം നടത്തിയിരുന്നു. CWPRS-ൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.<br><br>കടലാക്രമണം / തീരശോഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏർപ്പെടാക്കുന്നതിന് മുന്നോടിയായി സമഗ്രമായ ശാസ്ത്രീയ പഠനം അനിവാര്യമാണ്. ബന്ധപ്പെട്ട വകുപ്പുകൾ സംയുക്തമായി സ്ഥല പരിശോധന നടത്തി, അംഗീകൃത ഏജൻസി മുഖേന പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് പ്രവൃത്തികൾ നടത്തേണ്ടത്. |
| (സി) | ഈ പ്രവൃത്തികൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | KIIFB ഫണ്ട് ഉപയോഗിച്ച് KSCADC SPV ആയി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് പ്രസ്തുത ഹാർബർ നിർമ്മാണം നടത്തി വരുന്നത്. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിൽ 1410 മീറ്റർ നീളത്തിലുള്ള തെക്കേ പുലിമുട്ടും 785 മീറ്റർ നീളത്തിലുള്ള വടക്കേ പുലിമുട്ടുമാണ് നിർമ്മിക്കുന്നത്. ടി പ്രവൃത്തിയുടെ 98 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം ഫിഷിംഗ് ഹാർബർ നിർമ്മാണം നിമിത്തമാണെന്ന രേഖകൾ ഈ വകുപ്പിൽ ലഭ്യമല്ല. പരപ്പനങ്ങാടി ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബറിന് ഇരുകരകളിലും തുടർച്ചയായി Shore line Survey നടത്തി വരുന്നുണ്ട്. ഫെബ്രുവരി 2020 - ൽ നടത്തിയ സർവ്വേ പ്രകാരം വടക്കേ പുലിമുട്ട്, തെക്കേ പുലിമുട്ട് എന്നിവിടങ്ങളിൽ ചെറിയ രീതിയിലുള്ള ബീച്ച് ഫോർമേഷൻ നിരീക്ഷിക്കുകയും തുടർന്ന് 2023 ജൂലൈ ആയപ്പോഴേക്കും മിക്ക സീസണിലും സാൻഡ് ഡെപ്പോസിഷൻ നടന്ന് കര മുമ്പുള്ളതിനേക്കാളും വർധിച്ചതായും കാണുന്നു. ഇതിൽ നിന്നും ഹാർബർ നിർമ്മാണം ആരംഭിച്ചതിനു ശേഷം ഹാർബറിന്റെ ഇരു കരകളിലും തീരശോഷണം നടന്നില്ലായെന്ന് മനസ്സിലാകുന്നു.

പരപ്പനങ്ങാടി ഹാർബറിന്റെ അനുബന്ധമായി സ്ഥിതി ചെയ്യുന്ന ബീച്ചുകൾ പരിശോധിച്ചപ്പോൾ ചാപ്പപ്പടി, ആലിങ്ങൽ ബീച്ച്, പുത്തൻ കടപ്പുറം, ബദർ പള്ളി, സദ്ദാം ബീച്ച്, ആവിയിൽ ബീച്ച് എന്നീ ഭാഗങ്ങളിൽ കടലാക്രമണം നേരിടുന്നതായി നിരീക്ഷിച്ചു.

പുത്തൻ കടപ്പുറത്ത് നിലവിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സീവാൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പുത്തൻ കടപ്പുറം ഫിഷ് ലാന്റിംഗ് സെന്ററിന്റെ ഭാഗത്ത് സംരക്ഷണ ഭിത്തിയുണ്ട്. എന്നാൽ വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന ഗ്രോയിൻ പൂർണ്ണമായും നശിച്ചിട്ടുണ്ട്. ആലിങ്ങൽ ബീച്ചിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പ്രൊട്ടക്ഷൻ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും ആയവ രൂക്ഷമായ കടലാക്രമണം നേരിടുന്നുണ്ട്. നിലവിൽ വല നെയ്ത്ത് ഷെഡ് കടലാക്രമണ ഭീഷണിയിലുമാണ്.

ടി പ്രവൃത്തികളുടെ പുനരുദ്ധാരണ നടപടികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കേണ്ടത്.

ഹാർബറിന്റെ സമീപ പ്രദേശത്ത് തീരശോഷണം സംബന്ധിച്ച് പഠിക്കുന്നതിന് മോഡൽ സ്റ്റഡി ഏജൻസിയായ CWPRS – നോട് 10/07/2023-ൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് CWPRS അധികൃതർ 10/08/23-ൽ സ്ഥല സന്ദർശനം നടത്തിയിരുന്നു. CWPRS-ൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കടലാക്രമണം / തീരശോഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏർപ്പെടാക്കുന്നതിന് മുന്നോടിയായി സമഗ്രമായ ശാസ്ത്രീയ പഠനം അനിവാര്യമാണ്. ബന്ധപ്പെട്ട വകുപ്പുകൾ

| | | | |
|---|---|---|---|
| | | | സംയുക്തമായി സ്ഥല പരിശോധന നടത്തി, അംഗീകൃത ഏജൻസി മുഖേന പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് പ്രവൃത്തികൾ നടത്തേണ്ടത്. |

സെക്ഷൻ ഓഫീസർ